jaagrathayude **Keraleeyam**

**Rs. 25/-** 2015 January. Vol. 16 Issue 01

# കല്യാൺ സാരീസിലെ തൊഴിൽ സമരം തുടരുന്നു

തൃശൂരിലെ കല്യാൺ സാരീസ് എന്ന വസ്ത്രവ്യാപാര സ്ഥാപനത്തിൽ നിന്ന് 'സ്ഥലം മാറ്റൽ' എന്ന പേരിൽ ആറ് സ്ത്രീ തൊഴിലാളികളെ പുറത്താക്കിയിതിനെതിരെ ഡിസംബർ 30ന് തൊഴിലാളികൾ ആരംഭിച്ച സമരം തുടരുന്നു. അസംഘടിത മേഖലാ തൊഴിലാളി യൂണിയന്റെ (എ.എം.ടി.യു) ആഭിമുഖ്യത്തിൽ ആരംഭിച്ച ഇരിക്കൽ സമരം മുഖ്യധാരാ മാധ്യമങ്ങളുടെ തുടർച്ചയായ അവഗണനകളെ അതിജീവിച്ച് വിപുലമായ പിന്തുണകളുമായി മുന്നോട്ട് പോവുകയാണ്. യാതൊരു മുന്നറിയിപ്പുമില്ലാതെയാണ്, ഇനി മുതൽ ഈ സ്ഥാപനത്തിൽ പ്രവേശിക്കാൻ പാടില്ലെന്ന് പറഞ്ഞ് ഡിസംബർ 11ന് രാവിലെ ജനറൽ മാനേജർ ഉൾപ്പെടെയുള്ളവർ ചേർന്ന് ഈ തൊഴിലാളികളെ ഗേറ്റിൽ തടഞ്ഞു നിർത്തിയത്. ഭരണപരമായ സൗകര്യാർത്ഥമാണ് സ്ഥലം മാറ്റിയത് എന്ന് പറയുന്നുണ്ടെങ്കിലും ശത്രുക്കളെ പോലെയാണ് മാനേജ്മെന്റ് പെരുമാറിയതെന്ന് സമരം ചെയ്യുന്ന സ്ത്രീകൾ പരാതിപ്പെടുന്നു. തൊഴിലാളികളെ സ്ഥലം മാറ്റുന്നതിന് വേണ്ട നടപടിക്രമങ്ങളൊന്നും തന്നെ മാനേജ്മെന്റ് പാലിച്ചില്ല. തൊഴിലാളികൾക്ക് ജോലിയിൽ പ്രവേശിച്ചപ്പോൾ അപ്പോയിൻമെന്റ് ലെറ്റർ കൊടുക്കുന്ന സമ്പ്രാദായം കല്യാൺ സാരീസിൽ ഇല്ലാത്തതിനാൽ മറ്റ് ബ്രാഞ്ചുകളിൽ പോയി ജോലി ചെയ്യണമെന്ന വ്യവസ്ഥയും ഈ സ്ഥാപനത്തിൽ നിലവിലുണ്ടായിരുന്നില്ല. കല്യാൺ സാരീസിലെ തൊഴിലാളികളെ അടിമപ്പണി ചെയ്യിക്കുന്നത് ചോദ്യം ചെയ്തതിലുള്ള പ്രതികാര നടപടിയാണ് സ്ഥലം മാറ്റമെന്ന് സ്ത്രീകൾ പറയുന്നു. ഇക്കാര്യത്തിൽ തൃപ്തികരമായ വിശദീകരണമൊന്നും മാനേജ്മെന്റ് നൽകിയിട്ടില്ല.

അസംഘടിത മേഖലാ തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ 2014 മെയ് 1 ന് കോഴിക്കോട് തുടക്കം കുറിച്ച ഇരിക്കൽ സമരത്തെ തുടർന്നാണ് ടെക്സ്റ്റൈൽ മേഖലയിലെ സ്ത്രീ തൊഴിലാളികൾ അനുഭവിക്കുന്ന നരകതുല്യമായ ജീവിതം ഏറെ ചർച്ച ചെയ്യപ്പെട്ടത്. കല്യാൺ സാരീസ് മാനേജ്മെന്റിന്റെ സ്ഥാപനങ്ങളിലാണ് ഏറ്റവും കുറവ് ശമ്പളത്തിൽ സ്ത്രീകളെക്കൊണ്ട് പണിയെടുപ്പിച്ചിരുന്നത്. ഇരിക്കൽ സമരത്തെ തുടർന്ന് സാമൂഹ്യവും സർക്കാർ തലത്തിലുമുള്ള സമ്മർദ്ധത്തെ തുടർന്ന് നാലായിരവും അയ്യായിരവുമായിരുന്ന ശമ്പളം കഴിഞ്ഞ നാല് മാസമായി ചില ജില്ലകളിൽ 7000 രൂപയും ചിലയിടത്ത് 7400 രൂപയുമായി പ്രസ്തുത സ്ഥാപനം വർദ്ധിപ്പിച്ചിരിക്കയാണ്.




കല്യാൺ സാരീസ് സമരത്തിന്റെ വാർത്തകൾ തിരസ്കരിക്കുന്ന മുഖ്യധാരാ മാധ്യമങ്ങൾക്കെതിരെ തൊഴിലാളികൾ നടത്തിയ പ്രതിഷേധം

എന്നാൽ മിക്കയിടത്തും ഇപ്പോഴും അടിമപ്പണി തുടരുകയാണ്. രാവിലെ 9.30 മുതൽ രാത്രി 8.00 മണി വരെയാണ് മിക്കവരുടെയും ജോലിസമയം. ഇതിനിടയിൽ ഒന്ന് ഇരിക്കാൻ പോലും കഴിയില്ല. ഭക്ഷണം കഴിക്കാൻ കിട്ടുന്ന 20 മിനിട്ട് മാത്രമാണ് ഏക ആശ്വാസം. രണ്ടോ മൂന്നോ മിനിട്ട് വൈകിയാണ് ജോലിക്ക് വരുന്നതെങ്കിൽ, ഒരു മാസത്തിൽ രണ്ടു തവണ ആവർത്തിച്ചാൽ ഹാഫ് ഡേ ലീവ് രേഖപ്പെടുത്തും. പക്ഷേ ലീവ് എഴുതിയാൽ പോലും കൂലിയില്ലാതെ ജോലി ചെയ്യണമെന്നാണ് വ്യവസ്ഥ. പി.എഫിലും ക്ഷേമനിധിയിലും നിക്ഷേപിക്കാൻ ശമ്പളത്തിൽ നിന്നും കാശ് പിടിക്കുന്നുണ്ടെങ്കിലും അതിന് യാതൊരു രേഖയും തൊഴിലാളികൾക്ക് നൽകിയിട്ടില്ല. ഇതിനെ ചോദ്യം ചെയ്തു എന്ന തെറ്റാണ് ഈ ആറുപേരെ സ്ഥലം മാറ്റാൻ കാരണമായത്. തൊഴിലാളികൾക്ക് വേണ്ടെങ്കിൽ ഞങ്ങൾ സ്ഥാപനം പൂട്ടുമെന്നാണ് മാനേജ്മെന്റ് ഇപ്പോൾ പറയുന്നത്. എന്താണ് കല്യാൺ സാരീസ് മാനേജ്മെന്റിന്റെ നിജസ്ഥിതി? ഇവർ കോയമ്പത്തൂർ ബ്രാഞ്ച് കഴിഞ്ഞ മാസം പൂട്ടി. തൊഴിലാളികൾക്ക് യാതൊരാനുകൂല്യവും അവിടെ നൽകിയിട്ടില്ല. കേരളത്തിലെ ബ്രാഞ്ചുകൾ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ വാടക കാലാവധി വെട്ടിക്കുറച്ചു. കിട്ടിയ ലാഭം കയ്യിലാക്കി തൊഴിലാളികളെ വഴിയാധാരമാക്കാനുള്ള നീക്കമായാണ് ഇതെല്ലാം വിലയിരുത്തപ്പെടുന്നത്. തൊഴിലാളികൾ സംഘടിച്ചാൽ ഈ കണക്കുകൂട്ടൽ തെറ്റുമെന്നും മാനേജ്മെന്റ് തിരിച്ചറിയുന്നു. തൊഴിലാളികളാണ് സ്ഥാപനം പൂട്ടാൻ കാരണമെന്ന് വരുത്തി തീർക്കുക എന്നതും മാനേജ്മെന്റ് ഇതിലൂടെ ലക്ഷ്യമിടുന്നതായി എ.എം.ടി.യു പറയുന്നു. തൃശൂരിൽ ആറ് തൊഴിലാളികൾ സമരം തുടങ്ങിയതോടെ ഇപ്പോൾ ജോലിചെയ്യുന്ന മറ്റ് തൊഴിലാളികളുടെ കാര്യത്തിൽ അനുകൂലമായ ചില നിലപാടുകൾ സ്വീകരിക്കാൻ മാനേജ്മെന്റ് നിർബന്ധിതമായിരിക്കുകയാണ്. തൊഴിലാളികളുടെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ ആദ്യമായി സ്ഥാപനത്തിൽ പ്രത്യക്ഷപ്പെട്ടു. പി.എഫിലും ക്ഷേമനിധിയിലും കാശുപിടിക്കുന്നതിന്റെ രേഖകൾ തൊഴിലാളികൾക്ക് നൽകാൻ തുടങ്ങി. ഭക്ഷണം കഴിക്കാനുള്ള അഞ്ചാം നിലയിലെ വൃത്തിഹീനമായ പരിസരം ശുചിയാക്കി. സമരം ചെയ്യുന്ന ആറ് തൊഴിലാളികളും, തൃശൂർ ബ്രാഞ്ചിൽ അവർ ജോലിചെയ്തിരുന്ന ഇടത്തേക്ക് തന്നെ തിരിച്ചെടുക്കാതെ സമരത്തിൽ നിന്നു പിന്മാറില്ലെന്ന തീരുമാനത്തിലാണ്.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com